# വിവിധ പരാമീറ്ററുകളുടെ അടിസ്ഥാനത്തിലുള്ള റാങ്കിങ്ങിൽ ഏറ്റവും പുറകിലായുള്ള ഡിവിഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് 05-04-2023 തീയതിയിൽ 4.00 PM - ന് ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന റവന്യൂ അവലോകന യോഗ മിനിറ്റ്സ്

മാനേജിങ് ഡയറക്ടർ എല്ലാവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. 2023 മാർച്ച് മാസത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് 117 കോടിയോളം രൂപ കളക്ട് ചെയ്യാൻ സാധിച്ചത് ഏറ്റവും വലിയ ഒരു നേട്ടമായും എല്ലാ ഉദ്യോഗസ്ഥരും അതിനു വേണ്ടി നടത്തിയ പ്രയത്നങ്ങൾ ഇതേ രീതിയിൽ തന്നെ എല്ലാ മാസങ്ങളിലും തുടരേണ്ടതാണെന്നും ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടർ ആമുഖമായി പറഞ്ഞു.

കേരള വാട്ടർ അതോറിറ്റിയുടെ മാർച്ച് മാസത്തിലെ ആകെ കളക്ഷൻ 65% ആണ് എന്നിരുന്നാലും സിവറേജസ്, ബിപിഎൽ കണക്ഷൻസ് ഇവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഐ.ടി ടീമുമായി ബന്ധപ്പെട്ട് പരിഹരിക്കണമെന്നും ആയതിന് ഐടി ടീമും റവന്യൂ ടീമുമായി ചേർന്നുള്ള കമ്മിറ്റി പുനരുജ്ജീവിപ്പിക്കണമെന്നും ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടർ നിർദേശിച്ചു.

തുടർന്ന് ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ നിർദേശിച്ച കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. 2023-2024 സാമ്പത്തിക വർഷത്തിലെ ടാർഗറ്റ് ഫിക്സ് ചെയ്യുന്നതിനു വേണ്ടി ആർ.എം.സിയുമായി ഏപ്രിൽ 11- ന് മീറ്റിംഗ് നടത്തുന്നതാണ്.
2. വാട്ടർ ചാർജ് നിരക്ക് കൂട്ടിയതിനാൽ അസാധാരണമായി കാണുന്ന വാട്ടർ ബില്ലുകൾ ഇഷ്യൂ ചെയ്യുന്നതിനു മുൻപ് ബില്ല് കൂടുതലായുണ്ടാകാനുള്ള കാരണം എന്താണെന്ന് വിലയിരുത്തേണ്ടതാണ്.ആയതിന്ശേഷം മാത്രമേ ഉപഭോക്താവിന് ബില്ല് നൽകാൻ പാടുള്ളൂ എന്ന വിവരം മീറ്റർ റീഡേഴ്സിനെ എല്ലാ ഡിവിഷനിൽ നിന്നും അറിയിക്കേണ്ടതാണ്. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിന് മീറ്റർ ഇൻസ്പെക്ടർമാരെയും മീറ്റർ റീഡേഴ്സിനെയും ഉൾപ്പെടുത്തി ഒരു മീറ്റിംഗ് ഡിവിഷൻ തലത്തിൽ ഈ മാസം 20ന് മുൻപായി സംഘടിപ്പിക്കേണ്ടതാണ്.
3. മൊബൈൽ നമ്പർ, ഫാൾട്ടിമീറ്റർ റീപ്ലേസ്മെന്റ് ഇവ അപ്ഡേഷൻ പൂർത്തിയാക്കേണ്ട ഡിവിഷനുകൾ ഉടൻ തന്നെ ഡേറ്റ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
4. അബാക്കസുമായും ഐടിയുമായും ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം ഡിബിഎ - യെ യഥാസമയം അറിയിച്ച് സമയബന്ധിതമായി തന്നെ അവ പരിഹരിക്കേണ്ടതാണ്. ഐ ടി ടീമുമായി മീറ്റിംഗ് ഈ മാസം നടത്തേണ്ടതാണ്.

എൽ.എസ്.ജി.ഡി ഉൾപ്പെടെ 135 കോടിയോളം രൂപ കേരള വാട്ടർ അതോറിറ്റി മാർച്ച് മാസത്തിൽ കളക്ട് ചെയ്തു. ജനുവരി, ഫെബ്രുവരി,മാർച്ച് മാസങ്ങളിൽ മാത്രമല്ല എല്ലാ മാസങ്ങളിലും 100% അച്ചീവ്മെന്റ് നേടാൻ എല്ലാ ഉദ്യോഗസ്ഥരും ശ്രമിക്കണമെന്നും ഡിവിഷനിൽ നിന്നുള്ള ഡേറ്റ കൃത്യമായ ഇടവേളകളിൽ എന്റർ ചെയ്യണമെന്നും നിർദ്ദേശിച്ചു.

തുടർന്ന് റാങ്കിങ്ങിൽ പുറകിലുള്ള 17 ഡിവിഷനുകളുടെ വ്യത്യസ്ത മേഖലകളിലെ പ്രവർത്തനം അവലോകനം ചെയ്യുകയും പ്രവർത്തനം മികച്ചത് ആക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കാസർഗോഡ്, കണ്ണൂർ, തളിപ്പറമ്പ, സുൽത്താൻ ബത്തേരി, കടുത്തുരുത്തി, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, തിരുവനന്തപുരം നോർത്ത്, ആലപ്പുഴ, കൊട്ടാരക്കര, കോഴിക്കോട്, ആറ്റിങ്ങൽ, അരുവിക്കര, ഇരിഞ്ഞാലക്കുട, തൃശ്ശൂർ, തൊടുപുഴ എന്നിവയാണ് റാങ്കിങ്ങിൽ പുറകിലുള്ള 17 ഡിവിഷനുകൾ.

വിവിധ പരാമീറ്ററുകളുടെ അടിസ്ഥാനത്തിൽ റാങ്കിങ്ങിൽ പുറകിലുള്ള ഡിവിഷനുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.

മാനേജിങ് ഡയറക്ടറുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സബ്-ഡിവിഷനിൽ നിന്നുള്ള ഡേറ്റ ഡി.സി.ബി യോടൊപ്പം നൽകുന്ന പതിവ് ചിട്ടയിൽ മാറ്റം വരുത്തിക്കൊണ്ട് സബ്-ഡിവിഷനിൽ നിന്നുള്ള ഡേറ്റ കളക്ഷൻ 15 ദിവസത്തിൽ ഒരിക്കൽ ആക്കേണ്ടതാണ്.
2. അതനുസരിച്ച് ഗൂഗിൾ ഷീറ്റ് അപ്ഡേഷൻ ഡിവിഷനുകളിൽ നിന്നും 15 ദിവസത്തിലൊരിക്കൽ ചെയ്യേണ്ടതാണ്.
3. 2023 ഏപ്രിൽ 13 - ന് റിവ്യൂ മീറ്റിംഗ് നടത്തുന്നതാണ്. അതിനു മുമ്പായി എല്ലാ ഡിവിഷനുകളും ഗൂഗിൾ ഷീറ്റ് ഡേറ്റ അപ്ഡേഷൻ

Draft #3 of File KWA/HO/RMC/1066/2022 Approved by Managing Director on 27-Apr-2023 01:32 PM - Page 1

പൂർത്തിയാക്കേണ്ടതാണ്.

4. അടുത്ത റിവ്യൂ മീറ്റിംഗിൽ ഐടി ടീമിനെയും പങ്കെടുപ്പിക്കേണ്ടതാണ്.

5. 2023 ജനുവരി 1 മുതൽ ആരംഭിച്ച വാർ റൂം പ്രവർത്തനങ്ങൾ ഇനിയും രണ്ടു മാസം കൂടി തുടരേണ്ടതാണ്.

6. വാട്ടർ ചാർജ് വർദ്ധിപ്പിച്ചതിന് ആനുപാതികമായി റവന്യൂ കളക്ഷൻ വർദ്ധനവ് ഉണ്ടാകേണ്ടതാണ്.

7. കൃത്യമായി മീറ്റർ റീഡിങ് എടുക്കാത്ത മീറ്റർ റീഡർമാർക്ക് റവന്യൂ ഓഫീസർ ലെവലിൽ മെമ്മോ നൽകേണ്ടതാണ്.

5.40 PM ന് യോഗം അവസാനിച്ചു.

Draft #3 of File KWA/HO/RMC/1066/2022 Approved by Managing Director on 27-Apr-2023 01:32 PM - Page 2

The document is digitally approved. Hence signature is not needed.

| SL No: | Rank | Disconnection | Faulty Meter | Meter Reading Posting | Mobile No updation | RR | JJM |
|---|---|---|---|---|---|---|---|
| 1 | 25 | KADUTHURUTHY | ALAPPUZHA | KOZHIKKOD | ATTINGAL | ATTINGAL | ALAPPUZHA |
| 2 | 26 | SULTHAN BATHERY | TVM NORTH | KASARGOD | KOZHIKKOD | KOTTAYAM | THRISSUR |
| 3 | 27 | THALIPARAMBA | KOTTAYAM | THRISSUR | ALAPPUZHA | KASARGOD | IRINJALAKKUDA |
| 4 | 28 | KANNUR | KOLLAM | KOTTAYAM | TVM NORTH | ARUVIKKARA | NEYYATTINKARA |
| 5 | 29 | KASARGOD | NEYYATTINKARA | KOTTARAKKARA | KOLLAM | NEYYATTINKARA | KOZHIKKOD |

Draft #3 of File KWA/HO/RMC/1066/2022 Approved by Managing Director on 27-Apr-2023 01:32 P